2. വിദ്യാജ്യോതി :- ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് പ്രാഥമിക ചെലവുകൾക്കായി 2000 രൂപവെച്ച് 2014-15 മുതൽ അനുവദിച്ചിട്ടുണ്ട്. ഹൈസ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്.

3. സ്മൃതിവനം : - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ച 37 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചതിൽനിന്നും
27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, 22 ശ്മശാനങ്ങളുടെ നവീകരണത്തിനായി 2014-15 സാമ്പത്തിക വർഷം 110.69 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

4. വായു എഴുതിത്തള്ളൽ പദ്ധതി : - സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരുലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധികഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വാത്സല്യനിധി പദ്ധതിക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിദ്യാജ്യോതി പദ്ധതിക്കുള്ള ശിപാർശ പരിശോധിച്ച് വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതിവനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15-ൽ നൽകിയിട്ടുണ്ട്. വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015 ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് പദ്ധതി

327 (993) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ടേക്ക് എ ബ്രേക്ക് ' പദ്ധതി പ്രകാരം എവിടെയെല്ലാം വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിശ്രമകേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഈ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതിയുടെ ഭാഗമായി ഇത്തരത്തിലുള്ള വിശ്രമകേന്ദ്രം സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്നനിലയിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുംമുഖത്ത് ഒരു 'ടേക്ക് എ ബ്രേക്ക്' യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ അടുത്തഘട്ടമെന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ യൂണിറ്റ് വീതവും, മലപ്പുറം ജില്ലയിൽ രണ്ട് യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിയുള്ളവർക്കും വേണ്ടി അന്തർദേശീയ നിലവാരമുള്ള ടോയ്‌ലെറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, എ.റ്റി.എം., ഫീഡിംഗ് റൂം മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്.

(സി) പ്രധാനപ്പെട്ട പാതയോരങ്ങളിൽ ഏകദേശം 50 കിലോമീറ്ററിനുള്ളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള വഴിയോരങ്ങളിലും സർക്കാരിന്റെയോ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയോ ഭൂമിയിലാണ്. പ്രധാനമായും 'ടേക്ക് എ ബ്രേക്ക്' യൂണിറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പരിശോധിക്കുന്നതാണ്.

പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ പ്രവർത്തന പുരോഗതി

328 (994) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി മണ്ഡലത്തിലെ ടൂറിസം പദ്ധതികളായ പെരുന്തേനരുവി, മണിയാർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; ഈ പദ്ധതികൾക്കായി അനുവദിച്ച തുക എത്രവീതമാണ്; ഏത് ഏജൻസിക്കാണ് നിർമ്മാണച്ചുമതല ;

LIBRARY ARCHIVES Kerala Legislative Assembly